# India-U.S. Foreign Office Consultations

July 07, 2020

---

## ഇന്ത്യ-യു എസ് വിദേശകാര്യമന്ത്രാലയ പര്യാലോചനകൾ

**07 ജൂലൈ, 2020**

വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശ്രിംഗ്ലയും യു എസ് അണ്ടർ സെക്രട്ടറി ഓഫ് പൊളിറ്റിക്കൽ അഫയേഴ്സ് ഡേവിഡ് ഹേയ്ലും 2020 ജൂലൈ 7 ന് വെർച്വൽ ആയി വിദേശകാര്യമന്ത്രാലയ പര്യാലോചനകൾ നടത്തി. ഇന്ത്യ-യു.എസ് സമഗ്ര ആഗോള തന്ത്രപ്രധാന പങ്കാളിത്തത്തിനു കീഴിൽ രാഷ്ട്രീയം, വ്യാപാരം, പ്രാദേശികം കൂടാതെ അന്താരാഷ്ട്ര സഹകരണം എന്നിവ ഉൾപ്പെടെ മൊത്ത ഇടപെടലുകളും അവർ അവലോകനം ചെയ്തു.

കോവിഡ്-19 മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ, മരുന്നുകൾ ,വാക്സിൻ നിർമ്മാണം എന്നിവയുൾപ്പെടെയുള്ള പരസ്പരമുള്ള ആരോഗ്യ പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിനു അവർ സമ്മതിക്കുകയുണ്ടായി. പരസ്പരം ലാഭകരമായ വ്യാപാരങ്ങൾ, വിദ്യാർത്ഥികൾക്കും ജോലിക്കാർക്കുമുൾപ്പെടെയുള്ള വിസ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവ കൂടുതലായി വിപുലീകരിക്കുന്നതിനുള്ള വഴികളും അവർ ചർച്ച ചെയ്തിരുന്നു.

ഉഭയതാല്പര്യമുള്ള പ്രാദേശികവും ആഗോളവുമായ പ്രശ്നങ്ങളിൽ വിദേശകാര്യ സെക്രട്ടറി ശ്രിംഗ്ലയും അണ്ടർ സെക്രട്ടറി ഹേയ്ലും തങ്ങളുടെ ധാരാളം കാഴ്ചപ്പാടുകൾ പങ്കുവെച്ചു. സൗജന്യവും സുതാര്യവും സമാധാനപരവും സമൃദ്ധവുമായ ഇൻഡോ പസഫിക് മേഖലയ്ക്ക് വേണ്ടിയുള്ള തങ്ങളുടെ പ്രവർത്തനങ്ങളിലെ പ്രതിബദ്ധത അവർ ഉറപ്പുവരുത്തി.അമേരിക്കയോടുള്ള സഹകരണം , പ്രത്യേകിച്ച് ഇന്ത്യ യുണൈറ്റഡ് നേഷൻ സെക്യൂരിറ്റി കൗൺസിലിൽ അംഗമായിരുന്ന 2021-2022 കാലയളവിൽ ദൃഢപ്പെടുത്തുക എന്നതിന്റെ ആവശ്യകതയോടും അവർ യോജിക്കുകയുണ്ടായി ..

പരസ്പര സമ്പർക്കത്തിൽ തുടരുന്നതിനും, ഇന്ത്യ ഈ വർഷത്തിൽ ആതിഥേയത്വം വഹിക്കാനിരിക്കുന്ന 2 +2 മിനിസ്റ്റീരിയൽ പോലുള്ള പ്രവർത്തനങ്ങളിലൂടെ ഉഭയകക്ഷി അജണ്ടയിൽ മുന്നോട്ടുപോകുന്നതിനും അവർ സമ്മതിച്ചു

**ന്യൂഡൽഹി**

**07 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.